"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2648 — 17.06.2019-ൽ മറുപടിയ്ക്ക്

മഴുവന്നൂർ പഞ്ചായത്തിലെ റോഡ് നവീകരണത്തിന് എൻ.ഒ.സി.

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഴുവന്നൂർ പഞ്ചായത്തിലെ വിട്ടൂർ ഡിപ്പോയുടെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ മുവാറ്റുപുഴ-കാക്കനാട് റോഡിൽ നിന്ന് ആരംഭിക്കുന്ന വനം വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ്, ഡിപ്പോക്ക് സമീപമുള്ള കോളനി നിവാസികൾക്ക് ഉപയോഗത്തിനായി ടാർ ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിരുന്ന എൻ.ഒ.സി. നൽകിയിട്ടുണ്ടോ; | (എ) | മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ ഡിപ്പോയുടെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ മുവാറ്റുപുഴ-കാക്കനാട് റോഡിൽ നിന്ന് ആരംഭിക്കുന്ന വനം വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ്, ഡിപ്പോക്ക് സമീപമുള്ള കോളനി നിവാസികൾക്ക് ഉപയോഗത്തിനായി ടാർ ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിട്ടില്ലാത്തതും എൻ.ഒ.സി ആയതിന് നൽകിയിട്ടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ കാരണ സഹിതം വ്യക്തമാക്കാമോ? | (ബി) | എന്നാൽ, മൂവാറ്റുപുഴ കാക്കനാട് റോഡിൽ നിന്നും വാടയിക്കര കോളനിയിലേക്ക് വനം വകുപ്പ് അധീനതയിലുള്ള വീട്ടൂർ ഡിപ്പോയുടെ സൈഡിൽ കൂടി 6 മീറ്റർ വീതിയിൽ പുതിയ റോഡ് നിർമാണത്തിനായി 0.372 ഹെക്ടർ വനഭൂമി വിട്ടു കിട്ടുന്നതിന് വന (സംരക്ഷണ) നിയമ പ്രകാരം FP/KL/ROAD/26569/2017 ആയി മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ഡിപ്പോയിൽ സൂക്ഷിച്ചിട്ടുള്ള വന വിഭവങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും കണക്കിലെടുത്തു ഇത്തരത്തിൽ ഡിപ്പോയ്ക്ക് സൈഡിലൂടെ റോഡ് അനുവദിക്കാവുന്നതല്ലെന്ന് 05/02/2019 തീയതിയിലെ എഫ്.സി.2-35989/2017 എന്ന നമ്പരായ കത്ത് പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിട്ടുണ്ട്. ഡിപ്പോയുടെ സൈഡിൽ നിലവിലുള്ള റോഡിൽ ഡിപ്പോയുടെ സംരക്ഷണാർത്ഥം രാത്രി 9 മണി മുതൽ രാവിലെ 7 മണി വരെ ഗതാഗതം നിയന്ത്രിക്കുന്നുണ്ട്. ഡിപ്പോയുടെ സംരക്ഷണം കണക്കിലെടുത്തു ഈ നിയന്ത്രണം നീക്കുവാൻ സാധിക്കുകയില്ല. മലയാറ്റൂർ വനം ഡിവിഷനിലെ കോടനാട് റേഞ്ച് പരിധിയിൽ മഴുവന്നൂർ റിസേർവ് വനത്തിലാണ് ടി റോഡ് സ്ഥിതി ചെയ്യുന്നത് കോളനി നിവാസികൾ ഉപയോഗിച്ച് വരുന്നതും കോളനി ഭാഗത്തു നിന്നും തുടങ്ങി പ്രധാന റോഡിലേക്ക് എത്തി ചേരുന്നതുമായ മറ്റു രണ്ടു റോഡുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ